# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **1975** | **05/10/2016** -ൽ മറുപടിക്ക്

# നഗരൂർ, കരവാരം, പുളിമാത്ത് സമഗ്ര കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.സത്യൻ | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) നഗരൂർ, കരവാരം, പുളിമാത്ത് ഗ്രാമപഞ്ചായത്തുകൾക്ക് ഒരു സമഗ്ര കുടിവെള്ള പദ്ധതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഈ പദ്ധതിയെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ; | (എ) ഉണ്ട്;<br>പുളിമാത്ത്, നഗരൂർ, കരവാരം ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി 59.30 കോടി രൂപ (എസ്.ഒ.ആർ- 2012) മതിപ്പ് ചിലവ് പ്രതീക്ഷിക്കുന്ന ഒരു സമഗ്ര കുടിവെള്ള പദ്ധതിയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ, കിണർ ശുദ്ധീകരണശാല, റോ വാട്ടർ പമ്പിംഗ് മെയിൻ, പമ്പ് സെറ്റുകൾ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, ജലസംഭരണികൾ എന്നീ ഘടകങ്ങൾ ഉൾപ്പെടുന്നു. |
| (ബി) ഇത് സംബന്ധിച്ച പ്രൊപ്പോസൽ കേരള വാട്ടർ അതോറിറ്റി ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) എസ്റ്റിമേറ്റ് തുക എത്രയാണെന്നും ഫയൽ ഗവൺമെന്റിലേക്ക് അയയ്ക്കുന്നതിന് തടസ്സം എന്താണെന്നും വ്യക്തമാക്കാമോ; | (സി) എസ്റ്റിമേറ്റ് തുക 59.30 കോടി രൂപയാണ് (എസ്.ഒ.ആർ-2012). ഈ എസ്റ്റിമേറ്റ് ഡി.എസ്.ആർ 2014 (ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ് 2014) അനുസരിച്ച് പുതുക്കുന്നതിനുള്ള നടപടി കേരള വാട്ടർ അതോറിറ്റി സ്വീകരിച്ചുവരുന്നു. |
| (ഡി) രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നതും ഒരു സമഗ്ര കുടിവെള്ള പദ്ധതി പോലുമില്ലാത്തതുമായ ഈ പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിൽ വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

JSK/

(സി) സംസ്ഥാനത്ത് എവിടെയൊക്കെയാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്; വിശദീകരിക്കമോ;

(സി) തിരുവനന്തപുരം കോഴിക്കോട് എന്നീ നഗരങ്ങൾക്കും പ്രാന്തപ്രദേശങ്ങൾക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ വിപുലീകരണ പദ്ധതികൾ, കൊല്ലം ജില്ലയിലെ മീനാടിനും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി, ആലപ്പുഴ ജില്ലയിലെ ചേർത്തല മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകൾക്കുമുള്ള സമഗ്ര ശുദ്ധജല വിതരണ പദ്ധതി, കണ്ണൂർ ജില്ലയിലെ പട്ടുവത്തിനും സമീപ പഞ്ചായത്തുകൾക്കുമായുള്ള സമഗ്ര ശുദ്ധജലവിതരണ പദ്ധതി എന്നീ 5 പദ്ധതികളാണ് ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്നത്.

**<u>തിരുവനന്തപുരം പദ്ധതി</u>** പഴയ വിഴിഞ്ഞം, കഴക്കൂട്ടം പഞ്ചായത്ത് പ്രദേശങ്ങൾ ഒഴികെയുള്ള തിരുവനന്തപുരം നഗരത്തിൽ ജപ്പാൻ കുടിവെള്ള പദ്ധതിയിൽ നിന്നും ശുദ്ധജലം ലഭിക്കുന്നു. പഴയ നേമം, തിരുവല്ലം എന്നീ പഞ്ചായത്തു പ്രദേശങ്ങളിൽ വിതരണ ശൃംഖല ജനറം പദ്ധതി മുഖേനയാണ് നടപ്പിലാക്കിയിട്ടുള്ളത്. എന്നാൽ ജലം ജപ്പാൻ പദ്ധതിയിൽ നിന്നുമാണ് ലഭ്യമാക്കുന്നത്.

**<u>കൊല്ലം ജില്ലയിലെ മീനാട് പദ്ധതി.</u>** ഈ പദ്ധതിയിൽ പരവൂർ മുനിസിപ്പാലിറ്റിയും കരവാളൂർ, അഞ്ചൽ, ഇടമുളയ്ക്കൽ, ചാത്തന്നൂർ, ഉമ്മന്നൂർ, ഇളമാട്, പൂയപ്പള്ളി, വെളിയം, നെടുമ്പന, ആദിച്ചനല്ലൂർ, ചിറക്കര, പൂതക്കുളം, മയ്യനാട്, എന്നീ പഞ്ചായത്തുകളും ഉൾപ്പെടുന്നു

**ആലപ്പുഴ ജില്ലയിലെ ചേർത്തല പദ്ധതി.**

ഈ പദ്ധതിയിൽ ചേർത്തല മുനിസിപ്പാലിറ്റിയും ചേർത്തല തെക്ക്, പള്ളിപ്പുറം, പാണാവള്ളി, തൈക്കാട്ടുശ്ശേരി, അരൂക്കുറ്റി, പെരുമ്പളം, അരൂർ, എഴുപുന്ന, കുത്തിയതോട്, തുറവൂർ, പട്ടണക്കാട്, വയലാർ, കടകരപ്പള്ളി, കോടംതുരുത്ത്, തണ്ണീർമുക്കം, മുഹമ്മ, കഞ്ഞിക്കുഴി, മാരാരിക്കുളം (വടക്ക്) പഞ്ചായത്തുകളും ഉൾപ്പെടുന്നു.

**കോഴിക്കോട് പദ്ധതി.**

ഈ പദ്ധതിയിൽ കോഴിക്കോട് കോർപ്പറേഷനും ബാലുശ്ശേരി, ചേളന്നൂർ, ഏലത്തൂർ, തലക്കുളത്തൂർ, നന്മണ്ട, കാക്കൂർ, ബേപ്പൂർ, ചെറുവണ്ണൂർ, ഒളവണ്ണ, കടലുണ്ടി, കക്കോടി, നരിക്കുനി, കുന്ദമംഗലം, പെരുവയൽ, കുറുവട്ടൂർ, പെരുമണ്ണ, എന്നീ പഞ്ചായത്തുക ളിലും വെള്ളം നൽകുന്നതിനുള്ള പണികൾ പുരോഗമിച്ചു വരുന്നു.

**കണ്ണൂർ ജില്ലയിലെ പട്ടുവം പദ്ധതി.-**

ഈ പദ്ധതിയിൽ തളിപ്പറമ്പ് മുനിസിപ്പാലിറ്റിയും, ചപ്പാരപ്പടവ്, കടന്നപ്പള്ളി, പരിയാരം, കുറുമാത്തൂർ, പട്ടുവം, കല്ല്യാശ്ശേരി, പാപ്പിനിശ്ശേരി, ചെറുകുന്ന്, കണ്ണപുരം, മാട്ടൂൽ, ഏഴോം, പാണപ്പുഴ പഞ്ചായത്തുകളും ഉൾപ്പെടുന്നു.

| | | | |
|---|---|---|---|
| (ഡി) | എത്ര കോടി രൂപയാണ് ഈ പദ്ധതിയുടെ ചെലവിന് വേണ്ടി വരുന്നത് എന്നറിയിക്കാമോ? | (ഡി) | പദ്ധതിയുടെ അംഗീകൃത മതിപ്പ് ചെലവ് 2987.40 കോടി രൂപയാണ്. |

സെക്ഷൻ ഓഫീസർ